(സി) കോപ്പി ലഭ്യമാക്കുന്നതാണ്.†

(ഡി) സുപ്രീം കോടതി വിധിക്ക് വിധേയമായി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

159 (3172) വിദ്യാഭ്യാസ വകുപ്പിലെ പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാർ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം കണ്ടിജന്റ് മീനിയലായി ജോലിചെയ്യുന്ന ജീവനക്കാരെ പ്രൊമോട്ട് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ലാസ്റ്റ് ഗ്രേഡ് സർവന്റിന്റെ എത്ര വേക്കൻസികൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വേക്കൻസികളിൽ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

160 (3173) ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രൊമോഷൻ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും സർവ്വീസുമുള്ള അദ്ധ്യാപകരെ സീനിയോറിറ്റി നോക്കാതെ തന്നെ ഹെഡ്മാസ്റ്റർമാരായി നിയമിക്കുന്നതിനുള്ള അധികാരം മാനേജ്മെന്റിന് ഉണ്ടെന്ന സുപ്രീം കോടതി വിധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ റോമൻ കത്തോലിക്കാ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപ്പെടുമോ എന്നു വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിൽപ്പെട്ട മാനന്തവാടി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ബത്തേരിയിലെ അസംപ്ഷൻ ഗേൾസ് ഹൈസ്കൂൾ, ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന വിഭാഗത്തിൽപ്പെടുമോയെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly